ഉത്തരം

(എ) വോൾട്ടേജ് കുറവുള്ള സ്ഥലങ്ങൾ ബോർഡ് ഉദ്യോഗസ്ഥർതന്നെ പരിശോധിച്ച് കണ്ടെത്തുകയും അതിൽ 150 വോൾട്ടിൽ താഴെയുള്ള പ്രദേശങ്ങളിലെ പ്രവൃത്തികൾക്ക് പ്രത്യേക മുൻഗണന നൽകി പൂർത്തീകരിക്കാൻ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്ക് അധികാരം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ വോൾട്ടേജ് അദാലത്ത് സംഘടിപ്പിക്കുകയും ജനങ്ങളുടെ പരാതികളുടെ അടിസ്ഥാനത്തിൽ അവ പരിഹരിക്കുന്നതിനായി പ്രവൃത്തികൾ കണ്ടെത്തി നടപ്പിലാക്കി വരികയുമാണ്. വികേന്ദ്രീകൃത ആസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിതരണ മേഖലയിൽ 2010 ഡിസംബർ വരെ 12.069 കി.മീ. 11 കെ.വി. ലൈൻ വലിക്കുകയും 18217 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(ബി&സി) സപ്ലൈ വോൾട്ടേജിൽ വരാവുന്ന വ്യതിയാനങ്ങൾ സംബന്ധിച്ച ചട്ടങ്ങൾ (കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2005) പുറപ്പെടുവിക്കുകയല്ലാതെ മറ്റ് നിർദ്ദേശങ്ങളൊന്നും റഗുലേറ്ററി കമ്മീഷൻ ബോർഡിനു നൽകിയിട്ടില്ല.

ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

153 (1116) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഉല്പാദന-പ്രസരണ-വിതരണരംഗത്ത് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ ;

(ബി) വൈദ്യുതി ഉപഭോഗത്തിൽ ഈ കാലയളവിൽ എന്തുമാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ട് :

(സി) എത്ര വൈദ്യുത പദ്ധതികളുടെ പണികളാണ് ഇപ്പോൾ നടന്നു വരുന്നത് ; ഇവയിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു ;

(ഡി) ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ ; ഈ പദ്ധതികൾ വിജയകരമാണോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിതരണരംഗത്ത് ഡിസംബർ 2010 വരെ 20.74 ലക്ഷം വൈദ്യുതി കണക്ഷനുകൾ നല്കിയിട്ടുണ്ട്. 12069 കിലോമീറ്റർ 11 കെ.വി. ലൈൻ, 35264 കിലോമീറ്റർ എൽ.റ്റി. ലൈൻ എന്നിവ

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മിക്കുകയും 1827 എണ്ണം ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി പ്രസരണ രംഗത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള 91 പുതിയ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിച്ചു. (220 കെ.വി. - 3 എണ്ണം, 110 കെ. വി. 21 എണ്ണം, 66 കെ. വി. 4 എണ്ണം, 33 കെ. വി. 63 എണ്ണം). 2009-10-ൽ 29 സബ്സ്റ്റേഷനുകൾ കമ്മീഷൻ ചെയ്തു. മുൻവർഷങ്ങളെ അപേക്ഷിച്ച് ഇത് ഒരു റെക്കോർഡ് നേട്ടമാണ്. ഇതിനുപുറമേ, നിലവിലുള്ള സബ്സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 1240 MVA അധികമായി കൂട്ടിച്ചേർത്തു. കൂടാതെ നിലവിലുള്ള ലൈനുകളുടെ റീ-കണ്ടക്ടറിംഗ് ജോലികളും പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ചെയ്തുവരുന്നു. ഇതിനുപുറമേ ഈ സാമ്പത്തിക വർഷത്തിൽ തന്നെ 19 സബ്സ്റ്റേഷനുകൾ കൂടി പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 2011-2013 കാലയളവിൽ 98 സബ്സ്റ്റേഷനുകൾ പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടു കൊണ്ടുള്ള പ്രവർത്തനങ്ങൾ വിഭാവനം ചെയ്തുവരുന്നു.

കൂടാതെ PGCIL-ന്റെ പള്ളിക്കരയിലും, മണ്ണുകാടും സ്ഥാപിക്കുന്ന 400 കെ.വി. സബ്സ്റ്റേഷനിൽ നിന്നും പവർ ഇവാകുവേഷന് വേണ്ടിയുള്ള 220 കെ.വി. ലൈനുകളുടെ നിർമ്മാണവും പുരോഗമിക്കുന്നു. വടകര-പട്ടാണിപ്പാറ 110 കെ.വി. DC ലൈൻ, പട്ടാണിപ്പാറ-കക്കയം 110 കെ.വി. MC ലൈൻ, 110 കെ.വി. കുറ്റിപ്പുറം-മാലാപ്പറമ്പ് ലൈൻ, അരീക്കോട്-കിഴ്ശ്ശേരി 110 കെ.വി. DC ലൈൻ, പള്ളം-കാഞ്ഞിരപ്പള്ളി 110 കെ.വി. ലൈൻ, 220 കെ.വി. പോത്തൻകോട്-കാട്ടാക്കട, 220 കെ.വി. വീയ്യപുരം-പുന്നപ്ര എന്നീ പ്രധാനപ്പെട്ട ലൈൻ വർക്കുകളും നടന്നുവരുന്നു. പുഴിത്തോട് ചെറുകിട ജലവൈദ്യുത പദ്ധതിയിൽ നിന്നും പവർ ഇവാകുവേഷന് വേണ്ടിയുള്ള 33 കെ.വി. ലൈനിന്റെയും നിർമ്മാണവും ധൃതഗതിയിൽ നടന്നുവരുന്നു. ഇതിനുപുറമേ കളമശ്ശേരിയിലും, കോഴിക്കോട്ടും രണ്ട് ട്രാൻസ്ഫോർമർ റിപ്പയർ യൂണിറ്റുകൾ പുതിയതായി രൂപീകരിച്ചു. തൊടുപുഴയിൽ ഒരു പുതിയ ട്രാൻസ്മിഷൻ സർക്കിൾ ഓഫീസും, പത്തനംതിട്ടയിൽ ARU നോടു കൂടിയ ഡിവിഷൻ ഓഫീസ്, പാലാ, കോതമംഗലം, കണിയാമ്പറ്റ, വടകര, തിരൂർ, ചിറ്റൂർ, ചാലക്കുടി എന്നിവിടങ്ങളിൽ പുതിയ ട്രാൻസ്മിഷൻ ഡിവിഷൻ ഓഫീസുകളും സ്ഥാപിച്ചു. മൂലമറ്റത്ത് ഒരു പുതിയ റിലേ ഡിവിഷൻ ഓഫീസും, മാടക്കത്തറ, തിരുവല്ല, കണ്ണൂർ എന്നീ സ്ഥലങ്ങളിൽ മീറ്റർ ടെസ്റ്റിംഗ് സബ് ഡിവിഷനുകളും എടമിക്കോട് ഒരു റിലേ സബ് ഡിവിഷനും രൂപീകരിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 204.15 MW-ന്റെ സ്ഥാപിത ശേഷി വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന 2006-07 വർഷത്തിലെ പ്രതിദിന ശരാശരി വൈദ്യുതി ഉപഭോഗം 40.5 ദശലക്ഷം യൂണിറ്റായിരുന്നു. 2009-10 സാമ്പത്തിക വർഷം ഇത് 46.83 ദശലക്ഷം യൂണിറ്റായി വർദ്ധിച്ചു. 17% വർദ്ധനവാണ് ഉണ്ടായത്.

(സി) ഇപ്പോൾ പണി നടന്നുവരുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പള്ളിവാസൽ എക്സ്റ്റെൻഷൻ സ്കീം	60 MW
ചെങ്കുളം ഓഗ്മെന്റേഷൻ	85 Mu
റാന്നി-പെരുനാട് ചെറുകിട ജലവൈദ്യുത പദ്ധതി	4 MW
തൊട്ടിയാർ ജലവൈദ്യുത പദ്ധതി	40 MW
പുഴിത്തോട്	4.8 MW
പീച്ചി ചെറുകിട ജലവൈദ്യുത പദ്ധതി	1.25 MW
ചാത്തൻകോട്ടുനട II ചെറുകിട ജലവൈദ്യുത പദ്ധതി	6 MW
വിലങ്ങാട് ചെറുകിട ജലവൈദ്യുത പദ്ധതി	7.5 MW
ബാരാപ്പോൾ ചെറുകിട ജലവൈദ്യുത പദ്ധതി	15 MW
ആകെ	138.55 MW

കൂടാതെ താഴെപ്പറയുന്ന പദ്ധതിയുടെ വർക്ക് ഓർഡർ നൽകുകയുണ്ടായി. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കുന്നതാണ്.

ആനക്കയം ചെറുകിട ജലവൈദ്യുത പദ്ധതി	7.5 MW
പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതി	6 MW
കക്കയം ചെറുകിട ജലവൈദ്യുത പദ്ധതി	3 MW
ആകെ	16.5 MW

(ഡി) വൈദ്യുതി സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധങ്ങളായ പദ്ധതികളാണ് ബോർഡ് ആവിഷ്കരിച്ചിട്ടുള്ളത്. ഊർജ്ജ സംരക്ഷണ സന്ദേശം ലക്ഷ്യമാക്കി ദൃശ്യ ശ്രവ്യമാധ്യമങ്ങളിലൂടെ പ്രചാരണ പ്രവർത്തനങ്ങൾ ബോർഡ് നടത്തുന്നുണ്ട്. കൂടാതെ വിവിധ പത്രമാധ്യമങ്ങളിലൂടെയും ഊർജ്ജസംരക്ഷണ സന്ദേശങ്ങളും പരസ്യങ്ങളും നടത്താറുണ്ട്. വൈദ്യുതി ഉപയോഗം കുറയ്ക്കുക എന്നതു കൂടി ലക്ഷ്യമാക്കി സൗജന്യ നിരക്കിൽ സിഎഫ്എൽ. വിതരണവും ബോർഡ് നടത്തിയിട്ടുണ്ട്. വിവിധ എക്സിബിഷനുകളിൽ ഊർജ്ജസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനായി ലഘുലേഖാ വിതരണം, വിദ്യാർത്ഥികൾക്കായുള്ള നെയിംസ്ലിപ്പ് വിതരണം തുടങ്ങിയവയും നടത്താറുണ്ട്. ബോർഡിന്റെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ വേനൽക്കാലത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് സഹായകമായിട്ടുണ്ടെന്നാണ് ബോർഡ് കണ്ടെത്തിയിരിക്കുന്നത്. അതനുസരിച്ചുള്ള ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളാണ് വിവിധ കാലങ്ങളിൽ ബോർഡ് ഏറ്റെടുത്ത് നടപ്പാക്കുന്നത്.